കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# www.ksad.kerala.gov.in

ചിങ്ങോലി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ ജില്ലാ ഓഡിറ്റ് കാര്യാലയം

**e-mail: ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ. എസ്.എ-എ.എൽ.പി-പി1-1257/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യലയം,

ആലപ്പുഴ, തീയതി. 02.11.2016

ഇ-മെയിൽ : ddhglfalpy@gmail.com

ഫോൺ – 0477 2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചിങ്ങോലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിങ്ങോലി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിങ്ങോലി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ-എ.എൽ.പി-പി2-1257/16

തീയതി: 02.11.2016

# ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 20.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കുന്നതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/ വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലും കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരവുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2016 മുതൽ 28.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ജി. ഹരികുമാർ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)<br>ശ്രീമതി. സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജി. ചന്ദ്രശേഖരൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. എം. എസ്. ഫമിൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| നിർവ്വഹണാധികാരികളുടെ വിവരം | | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. പത്മശ്രീ. ശിവദാസൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ. എച്ച്. നിയാസ് | 01.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. സുരേഷ് പ്രഭു | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. പി. ശ്രീദേവി | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ. ബിജു. കെ. കെ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. നിള ഹിരൺ | 01.04.2015 മുതൽ 27.05.2015 വരെ |
| | ശ്രീമതി. ഷീല | 28.05.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ബിന്ദു സാറാ എബ്രഹാം | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. അർച്ചന | 01.04.2015 മുതൽ 03.03.2016 വരെ |
| | ഡോ. അമ്പിക | 04.03.2016 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സുനിൽ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. പ്രമീള | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. പത്മ രഘു | 01.04.2015 മുതൽ 13.05.2015 വരെ |
| | ഡോ. വിജയേന്ദ്രൻ (ഇൻ ചാർജ്) | 14.05.2015 മുതൽ 23.09.2015 വരെ |
| | ഡോ. അന്ന. എ. ജോൺ | 24.09.2015 മുതൽ 31.03.2016 വരെ |
| ഹെഡ്ഡ് മാസ്റ്റർ | പി. ഗംഗ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| | ഭാഗം - 1 | |
| 1 | 1-1 | ബജറ്റ് |
| | ഭാഗം - 2 | |
| 2 | 2-1 | വ്യാപ്തി നിബന്ധന പാലിക്കാതെ പെർമിറ്റ് നല്കി |
| 3 | 2-2 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് |
| | ഭാഗം - 3 | |
| 4 | 3-1 | മംഗലശ്ശേരിൽ കലുങ്ക് നിർമ്മാണം-പദ്ധതി നടപ്പിലാക്കിയതിലെ അപാകം. |
| 5 | 3-2 | മരുന്ന് വാങ്ങുന്നതിൽ കാലവിളംബം |
| 6 | 3-3 | മങ്ങാട്ട് കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ- അപാകം. |
| 7 | 3-4 | നികുതി കോമ്പൌണ്ട് ചെയ്യാത്ത കരാറുകാരനിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ്. |
| 8 | 3-5 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വർക്കുകളിൽ നിന്നും നിശ്ചിത നിരക്കിൽ വാറ്റ് ഈടാക്കിയില്ല-സംസ്ഥാന സർക്കാരിന് 48,968.രൂപയുടെ നഷ്ടം. |
| | ഭാഗം - 4 | |
| 9 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം. / തീയതി | പുതുക്കിയ തീരുമാനം നം./ തീരുമാനം |
|---|---|
| നം. 1, 30.03.2015 | 111/16, 04.03.2016 |

1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 31.07.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം - 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 14653900 |
| വരവ് | 26908624 |
| ആകെ | 41562524 |
| ചെലവ് | 33623823 |
| നീക്കിബാക്കി | 7938701 |

1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 432982 | 4991152 | 5424134 | 5154066 | 3438745 | 270068 |
| വികസന ഫണ്ട് (എസ്.സി.പി) | 976439 | 2473000 | 3449439 | 2605834 | -572239 | 843605 |
| വികസനഫണ്ട് (ടി.എസ്.പി) | 11602 | 33000 | 44602 | 44602 | -1202 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 663808 | 2358000 | 3021802 | 2783704 | | 238098 |
| സംരക്ഷണ ഗ്രാന്റ് ( റോഡിതരം) | 1017028 | 2320000 | 3337028 | 2062117 | | 1274911 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1170238 | 2054526 | 3224764 | 3218732 | 1462123 | 6032 |
| ലോക ബാങ്ക് സഹായം | 1686610 | | 1686610 | 1650844 | 1403181 | 35766 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 113 | 105 | 8 | 93% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| സെക്രട്ടറി | 23 | 21 | 3195322 | 2732585 |
| കൃഷി ഓഫീസർ | 5 | 5 | 1073837 | 1011737 |
| വെറ്ററിനറി സർജൻ | 5 | 5 | 1842000 | 55750 |
| വി.ഇ.ഒ/എൽ.വി.ഇ.ഒ | 14 | 14 | 6429100 | 1863372 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 31 | 25 | 9016737 | 7282869 |
| ICDS സൂപ്പർവൈസർ | 4 | 4 | 1920180 | 1582400 |
| മെഡിക്കൽ ഓഫീസർ (PHC) | 2 | 2 | 310085 | 310085 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 4 | 4 | 195000 | 194920 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 393000 | 393000 |
| എച്ച്.എം | 5 | 5 | 816800 | 784700 |
| അസിസ്റ്റന്റ് സെക്രട്ടറി | 18 | 18 | 2717275 | 2160550 |
| ആകെ | 113 | 105 | | |

1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 4405199 | 3010452 | (-) 1394747 |
| നികുതിയേതര വരുവുകൾ | 200566 | 356592 | 156026 |
| ആകെ | 4605765 | 3367044 | 1238721 |

1-8 സാമൂഹ്യ ക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1. | കർഷകത്തൊഴിലാളി പെൻഷൻ | 25 | 25 | 9 |
| 2. | തൊഴിൽ രഹിത വേതനം | 10 | 10 | 1 |
| 3. | വിധവാ പെൻഷൻ | 33 | 33 | 2 |
| 4. | വികലാംഗ പെൻഷൻ | 5 | 5 | - |
| 5. | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | - |
| 6. | വാർദ്ധക്യ കാല പെൻഷൻ | 323 | 323 | 14 |

1-9 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 12306/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോർമൻസ് ഓഡിറ്റ് | 23.09.2016 | 08/16 | ലഭിച്ചില്ല. | ഇല്ല |
| 2. | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | | | |

1-11 അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വ്യാപ്തി നിബന്ധന പാലിക്കാതെ പെർമിറ്റ് നല്കി

പഞ്ചായത്ത് 4/6/2015 ൽ അനുവദിച്ച എ3/19/2015-16 നമ്പർ പെർമിറ്റ്, കെട്ടിട വ്യാപ്തി ശതമാനം പരിഗണിക്കാതെയാണ് നല്കിയിരിക്കുന്നത്.

ശ്രീ. സഹദേവൻ, പാരൂർ പടീറ്റതിൽ, കരീലക്കുളങ്ങര പി.ഒ 16/05/2015 ൽ സമർപ്പിച്ച അപേക്ഷ (നം 1191/15) പരിഗണിച്ചാണ് പ്രസ്തുത പെർമിറ്റ് അനുവദിച്ചത്. കൊമേഴ്സൽ പർപ്പസ് എന്നാണ് അപേക്ഷയിൽ കാണിച്ചിരിക്കുന്നത്. ചിങ്ങോലി വില്ലേജിൽ ബ്ലോക്ക് 15 ൽ സർവ്വെ നമ്പർ 205/9, 205/15എന്നിവയിൽ (തണ്ടപ്പേര് നം.7929) പെട്ട 6.55 ആർ (655 ചതുരശ്ര മീറ്റർ) സ്ഥലത്ത് 331.59 ച. മീ വ്യാപ്തിയും രണ്ട് നിലകളിലായി 663.18 ച. മീ തറവിസ്തീർണ്ണവുമുള്ള കെട്ടിടം നിർമ്മിക്കാനാണ് പ്ളാൻ തയ്യാറാക്കി സമർപ്പിച്ചതും പെർമിറ്റ് അനുവദിക്കപ്പെട്ടതും. ഇത് പ്രകാരം കെട്ടിട വ്യാപ്തി സ്ഥലവിസ്തീർണ്ണത്തിന്റെ 50.62 ശതമാനമാണ് (പ്ലാനിൽ 43.49 ശതമാനം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്). പ്ളാൻ പ്രകാരം കെട്ടിടത്തിൽ ഒന്ന്, രണ്ട് നിലകളിൽ 192.34, 49.35 ച. മീ വീതം വിസ്തീർണ്ണമുള്ള ഓരോ ഹാളുകളും 1.75 -2.00 മീറ്റർ വീതിയുള്ള വരാന്തകളുമാണുള്ളത്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 34 പ്രകാരം ഇത് ഗണം 'ഡി' അഥവ 'ഇ' യിലാണ് ഉൾപ്പെടുന്നത്. പ്രസ്തുത ചട്ടങ്ങളിലെ പട്ടിക രണ്ട് പ്രകാരം ഈ ഗണത്തിൽ പെട്ട കെട്ടിടങ്ങൾക്ക് അനുവദനീയമായ കെട്ടിട വ്യാപ്തി ശതമാനം (കെട്ടിട വ്യാപ്തിയും സ്ഥലവിസ്തീർണ്ണവും തമ്മിലുള്ള അനുപാതം) കാറ്റഗറി 2 ഗ്രാമപഞ്ചായത്തിൽ 35 ആണ്. (സ.ഉ(കൈ)നം 64/2011 തീയതി. 26/2/2011 നോട്ടിഫിക്കേഷൻ പ്രകാരം ചിങ്ങോലി ഒരു കാറ്റഗറി 2 ഗ്രാമപഞ്ചായത്താണ്. അനുവദനീയമായതിലും അധികം വ്യാപ്തിയുള്ള കെട്ടിടത്തിന് പെർമിറ്റ് നല്കാൻ ശുപാർശ ചെയ്ത ഓവർസിയർ, പ്ലാൻ

അംഗീകരിച്ച എൻജിനീയർ, ഫയൽ കൃത്യമായി പരിശോധിക്കാതെ പെർമിറ്റ് അനുവദിച്ച സെക്രട്ടറി എന്നിവരാണ് ചട്ടവിരുദ്ധ നിർമ്മാണത്തിന് ഉത്തരവാദികൾ. ചട്ടവിരുദ്ധമായ നിർമ്മാണത്തിന്മേൽ അടിയന്തിരനടപടി കൈക്കൊള്ളേണ്ടതാണ്. ഈ നടപടിയുടെ ഭാഗമായി പഞ്ചായത്തിനുണ്ടാകുന്ന ഏതൊരു ചെലവിനും മേൽപ്പറഞ്ഞ മൂന്നുദ്യോഗസ്ഥരും തുല്യമായി ബാദ്ധ്യസ്ഥരായിരിക്കും.

പ്ളാൻ അംഗീകരിച്ച എൻജിനീയർ ശ്രീമതി ഷീല. എ. എസ് പ്ലാനിൽ പതിച്ചിരിക്കുന്ന മുദ്രയിൽ അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി, കോർപ്പറേഷൻ ഓഫ് തിരുവനന്തപുരം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തെറ്റായ മുദ്ര ഉപയോഗിച്ചതിന് വിശദീകരണം ആവശ്യപ്പെടേണ്ടതാണ്.

## 2-2 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

ശ്രീ ഷാജഹാൻ, ശ്രീമതി. ജബീന, നെടുംതറയിൽ, ആറാട്ടുപുഴ എന്ന ഉടമസ്ഥതയിയിൽ ഉള്ള കയർമാറ്റ് നിർമ്മാണ വ്യവസായ യൂണിറ്റിന്റെ 486 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ (വാർഡ് -2, നം. 150എ) വസ്തുനികുതി ചതുരശ്ര മീറ്ററിന് 20 രൂപ നിരക്കിലാണ് കണക്കാക്കിയത്. ആയത് ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| അടിസ്ഥാന വസ്തുനികുതി – ( 486*20) | 9720 |
| റോഡ് സാന്നിദ്ധ്യം മൂലം വർദ്ധനവ് – 20% | 1944 |
| മേൽക്കൂര (ഷീറ്റ്) കിഴിവ് - | (-) 972 |
| ആകെ വസ്തുനികുതി | 10692<br>====== |

(ഈ തുക ഈടാക്കിയ രസീത് – 110110880, തീയതി – 25/07/2016)

പഞ്ചായത്ത് അംഗീകരിച്ച വസ്തുനികുതി പട്ടിക പ്രകാരം കയർ പിരി ഷെഡ്സ് ഒഴികെ എല്ലാ വ്യവസായ യൂണിറ്റിനും ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിലാണ് വസ്തുനികുതി ഈടാക്കേണ്ടത്. ഇത് പ്രകാരമുള്ള നികുതി വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടിസ്ഥാന വസ്തുനികുതി – (486*50) | 24300 |
| റോഡ് സാന്നിദ്ധ്യം മൂലം വർദ്ധനവ് – 20% | 4860 |
| മേൽക്കൂര (ഷീറ്റ്) കിഴിവ് | (-) 2340 |
| ആകെ വസ്തുനികുതി | 26820 |
| വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് – (26820-10692) | 16128. |

നിശ്ചിത നിരക്കിലും കുറവായി നികുതി ഈടാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മംഗലശ്ശേരിൽ കലുങ്ക് നിർമ്മാണം-പദ്ധതി നടപ്പിലാക്കിയതിലെ അപാകം.

പ്രോജക്ട് നം. – S0102/15

കരാറുകാരന്റെ പേര് – ഗോപാലകൃഷ്ണൻ

പി.എ.സി – 1,58,193

ചെലവ് വിവരം – 1,35,539/- (ബിൽ നം.3/20.08.2015, ധനകാര്യ കമ്മീഷൻ അവാർഡ്)

മംഗലശ്ശേരിൽ കലുങ്ക് നിർമ്മാണം എന്ന പദ്ധതിയുടെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

1. യഥാസമയം കരാർ ചമച്ചിട്ടില്ല.

സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ ഒപ്പു വെക്കേണ്ടുന്ന തീയതി 17.10.2014 ആയിരുന്നു. എന്നാൽ കരാർ ചമച്ചിരിക്കുന്നത് 28.10.2014ലാണ്. പുതുക്കിയ പൊതുമരാമത്ത് മാന്യുവൽ സെക്ഷൻ 2009.6 പ്രകാരം യഥാസമയം കരാർ ചമക്കാത്ത പക്ഷം പി.എ.സി യുടെ 1% പിഴ (1% 1,58,193) ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കിയിട്ടില്ല.കരാറുകാരനിൽ നിന്നും 1582 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2. യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല – പൊതുമരാമത്ത് മാന്യുവലിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.
കരാർ ചമച്ചിരിക്കുന്നത് 28.10.2014ലാണെങ്കിലും എം ബുക്കിൽ അവസാന അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 05.08.2015 ലാണ്. കരാർ ഉടമ്പടിയിലോ ടെണ്ടർ ഷെഡ്യൂളിലോ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് മാന്യുവൽ പ്രകാരം കരാർ ദീർഘിപ്പിക്കുവാൻ യാതൊരു നടപടിയും കരാറുകാരന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം കാലാവധി ദീർഘിപ്പിക്കുവാൻ അപേക്ഷ നൽകാത്ത പക്ഷം കരാർ ദുർബലപ്പെടുന്നതുമാണ്. എന്നാൽ ഇത്തരം നടപടിക്രമങ്ങളൊന്നും പാലിക്കാതെ ആകെ മൂല്യത്തിൽ നിന്നും 1% പിഴ ഈടാക്കിയിരിക്കുന്നു.
3. വാറ്റ് കൃത്യമായി ഈടാക്കിയിട്ടില്ല.
എം. ബുക്ക് പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 1,35,539/- ആണ്. കരാറുകാരൻ വാണിജ്യ നികുതി വകുപ്പിൽ നികുതി കോമ്പൌണ്ട് ചെയ്യാത്ത സാഹചര്യത്തിൽ 14.5% നികുതി (19,653/-) ഈടാക്കേണ്ടതാണെങ്കിലും 4% മാത്രമാണ് (5367) ഈടാക്കിയത്. നികുതി ഇനത്തിലുണ്ടായ കുറവ് 14,286/- രൂപ ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.
4. മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയത് കൃത്യമല്ല. താഴെ പറയും പ്രകാരമാണ് തുക കണക്കാക്കിയിരിക്കുന്നത്.

| | |
|---|---|
| ആകെ മൂല്യം | 1,35,539 |
| പിഴ | (-)1355 |
| ആകെ | 1,34,184 |
| വാറ്റ് | 5367 |
| ക്ഷേമനിധി വിഹിതം | 1342 |
| വരുമാന നികുതി | 1342 |
| ആകെ | 1,26,133 |

കണക്കാക്കേണ്ടത് താഴെ പറയും പ്രകാരമാണ്

| | |
|---|---|
| ആകെ മൂല്യം | 1,35,539 |
| വാറ്റ് | 19,653 |
| ക്ഷേമനിധി വിഹിതം | 1355 |
| വരുമാന നികുതി | 1355 |
| ആകെ | 1,13,176 |
| പിഴ | 1582 |
| ആകെ | 1,11,594 |

ഇപ്രകാരം 14,539/- അധികമായി കരാറുകാരന് അനുവദിച്ചു.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/28.10.2016) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരനിൽ നിന്നും തുക ഈടാക്കി 227/- രൂപ ഗ്രാമപഞ്ചായത്തിലും 14,286/- രൂപ വാറ്റ് ഇനത്തിലും 13/- രൂപ വീതം ക്ഷേമനിധിവിഹിതവും വരുമാന നികുതി ഇനത്തിലും ഒടുക്കേണ്ടതാണ്.

## 3-2 മരുന്ന് വാങ്ങുന്നതിൽ കാലവിളംബം

ചിങ്ങോലി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്നു വാങ്ങാനായി 2015-16 ൽ വിഭാവനം ചെയ്ത പദ്ധതിയ്ക്ക് (നമ്പർ-9/2016) 23/05/2015 ൽ ഡി.പി.സി അംഗീകാരം ലഭിച്ചെങ്കിലും, പെർഫോമ ഇൻവോയിസ് ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (കെ.എം.എസ്.സി.എൽ) കത്ത് നൽകിയത് 15/01/2016 ൽ

മാത്രമാണ്. മരുന്ന് ലഭ്യമാക്കാനുള്ള കത്ത് ഡിമാന്റ് ഡ്രാഫറ്റ് സഹിതം (ഡി.ഡി.നം. 753424, 25, 26 തുക യഥാക്രമം 40000/-, 40000/-, 20000/- എസ്.ബി.റ്റി, ഹരിപ്പാട്, ബിൽ നം. 3, ഒരു ലക്ഷം രൂപ) നൽകിയത് 12/2/2016 ലും. ആഡിറ്റ് സമയം വരെ (22/10/16) 66039/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത് . 33961/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. മരുന്ന് നൽകുന്നതിൽ കെ.എം.എസ്.സി.എൽ വരുത്തുന്ന കാലതാമസവും പദ്ധതി നടപ്പാക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥൻ വരുത്തുന്ന കാലതാമസവും നിമിത്തം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കേണ്ട അടിസ്ഥാന സേവനം പോലും അനന്തമായി വൈകുന്നു. മരുന്ന് വാങ്ങൽ പോലുള്ള അത്യാവശ്യ പദ്ധതികൾ സമയബന്ധിതമായി നടപ്പാകുന്നു എന്ന് ഉറപ്പാക്കാൻ ഭരണ സമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 3-3 മങ്ങാട്ട് കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ- അപാകം.

പ്രോജക്ട് നം - 109/16

കരാറുകാരന്റെ പേര്- സുധീർ.ആർ

പി.എ.സി - 6,54,435/- (വികസന ഫണ്ട്-എസ്.സി.പി)

ചെലവ് വിവരം - 4,20,584/- (ബിൽ നം.28/31.03.2016)

1. പ്രവൃത്തി പൂർണ്ണമായി നടപ്പിലാക്കിയില്ല. മങ്ങാട്ട് കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി അപ്പന്റിക്സ് എ മുതൽ ഡി വരെയായി റീട്ടെയിനിംഗ് വാൾ, നടപ്പാത, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണവും പബ്ലിക് വെൽ, ടോയിലറ്റ് എന്നിവയുടെ മെയിന്റനൻസുമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പ്രവൃത്തികൾ പൂർണ്ണമായി നടപ്പിലാക്കിയില്ല. നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നതും നടത്തിയതുമായ പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| അപ്പന്റിക്സ് | പ്രവൃത്തികളുടെ വിവരം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| A | Retaining wall | 3,94,947 | 3,00,294.26 |
| B | Foot path | 37,268 | 0 |
| C | drainage | 94,742 | 0 |
| D | Public well | 25,742 | 24,438.38 |
| D | Public toilet | 1,01,736 | 95,850.88 |
| ആകെ | | 6,54,435 | 4,20,584 |

പാർട്ട് ബിൽ എന്ന രീതിയിൽ എം. ബുക്കിൽ.(115, 116/15-16) രേഖപ്പെടുത്തുകയും പിന്നീട് ഫൈനൽ ബിൽ എന്ന രീതിയിൽ ബിൽ പാസ്സാക്കുകയും ചെയ്തിരിക്കുന്നു.

2. ടെണ്ടർ നടപടിക്രമങ്ങൾ സുതാര്യമല്ല.

2014-15ലെ പദ്ധതിയായിരുന്നു ഇത്. 2015-16ൽ സാമ്പത്തിക വർഷത്തിന്റെ അവസാനം (20.03.2015) ഇ-ടെണ്ടർ, 14.05.2015 ൽ റീ-ഇ ടെണ്ടർ എന്നിവ നടത്തിയതായി ബോദ്ധ്യപ്പെട്ടതിനാൽ 10.07.2015ലെ തീരുമാന പ്രകാരം ക്വട്ടേഷൻ ക്ഷണിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സുധീർ. ആർ എന്ന വ്യക്തിയുടെ സിംഗിൾ ക്വട്ടേഷൻ അംഗീകരിക്കുക യാണുണ്ടായത്. ഇ-ടെണ്ടർ, റീ-ഇ-ടെണ്ടർ എന്നിവ ക്ഷണിച്ചതിന്റെ രേഖകൾ ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടില്ല.

3. കരാറുകാരന്റെ വാറ്റ് രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ, അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല (11.13.xiv). ഇത് കൂടാതെ സമഗ്ര കോളനി വികസന പരിപാടിയിൽ വിവിധ പ്രവർത്തനങ്ങളുണ്ടെങ്കിലും സമഗ്രപരിപാടിയുടെ ഘടകങ്ങളായ ഓരോ പ്രവർത്തനങ്ങളും പ്രത്യേകം പ്രോജക്റ്റുകളായി തയ്യാറാക്കണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല (11.9). ആയതിനാൽ കോളനിക്കാർക്ക് അതിന്റെ പ്രയോജനം പൂർണ്ണമായി ലഭിച്ചിട്ടില്ല .

5. ടോയിലറ്റിൽ ടൈൽ വിരിച്ചതിന് പ്ലാസ്റ്ററിംഗിന് രണ്ടു തവണ നിരക്ക് അനുവദിച്ചിരിക്കുന്നു.

| ഇനം നം | ചെയ്ത പ്രവൃത്തിയുടെ വിവരം | അനുവദിച്ച അളവ്, നിരക്ക് | തുക |
|---|---|---|---|
| 22 | Plastering with CM 1:4, 12 mm thick one coat to the wall floated hard and trowelled smooth including all cost conveyance and labour charge | 34.32@212.31/$m^2$ | 7286.47 |
| 24 | Providing and fixing 1st quality ceramic rectified tiles to the wall conforming to IS 15622 over 12 mm thick bed of CM 1:3 | 35.56@1095.17/$m^3$ | 38,944.24 |

ടൈൽ വിരിച്ചതിന്റെ നിരക്കിൽ പ്ലാസ്റ്ററിംഗിന്റെ നിരക്ക് ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇനം 22 പ്രകാരം ചെലവഴിച്ച തുക 7286/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

മേൽ പറഞ്ഞ അപാകതകളിൻ മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളിൻ മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി ചെലവഴിച്ച തുക സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതുമാണ്.

## 3-4 നികുതി കോമ്പൌണ്ട് ചെയ്യാത്ത കരാറുകാരനിൽ നിന്നും നികുതി ഈടാക്കിയതിൽ

<u>കുറവ്.</u>

ഗോപാലകൃഷ്ണൻ. കെ, തുണ്ടിൽ കിഴക്കതിൽ എന്ന വ്യക്തി ഏറ്റെടുത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും വാറ്റ് യഥാവിധി ഈടാക്കിയിട്ടില്ല. 2003 ലെ കേരള മൂല്യ വർദ്ധിത നികുതി നിയമപ്രകാരം വാണിജ്യ നികുതി വകുപ്പ് നൽകുന്ന ഫോറം 1 ഇ.ഇ. പ്രകാരമുള്ള കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് നൽകുന്നവരിൽ നിന്നുമാണ് 4% നികുതി ഈടാക്കേണ്ടത്. ആലപ്പുഴ വാണിജ്യ നികുതി ഓഫീസിൽ നിന്നുള്ള 10.02.2016 ലെ കത്ത് പ്രകാരം 8% നിരക്കിൽ 10.02.2016 മുതൽ 30 ദിവസത്തേക്കുള്ള സർട്ടിഫിക്കറ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ അതിനു മുൻപുള്ള കാലയളവിൽ ടി വ്യക്തിയിൽ നിന്നും 14.5% നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്.

| പ്രോജക്റ്റിന്റെ വിവരം | ആകെ മൂല്യം/ തീയതി | എം. ബുക്ക് നം. | ഈടാക്കിയ നികുതി | ഈടാക്കേണ്ടുന്ന നികുതി | കുറവ് |
|---|---|---|---|---|---|
| ഹോമിയോ ആശുപത്രി മെയിന്റനൻസ് | 1,65,338/15.07.2015 | 113/14-15 | 4% = 6614 | 23,974/- (14.5%) | 17,360 |
| പുതുമന ടെമ്പിൾ വെറ്റിനറി ഹോസ്പിറ്റൽ കൾവർട്ട് | 66,220/10.09.2015 | 66/15-16 | 4% = 2649 | 9602/- (14.5%) | 6953 |
| രാജപുരം പാണാപ്പറമ്പിൽ റോഡ് കോൺക്രീറ്റിംഗ് | 67,261/22.09.2015 | 69/15-16 | 4% = 2690 | 9753/- (14.5%) | 7063 |
| വാഴപ്പള്ളിൽ ഉത്രം നടപ്പാത | 1,31,755/07.09.2015 | 65/15-16 | 4% = 5270 | 19,104/- (14.5%) | 13,834 |
| മാർത്തോമാ പള്ളി പുതുനം ടെമ്പിൾ റോഡ് ഗ്രാവലിംഗ്, മെറ്റലിംഗ് | 87,415/21.01.2016 | 77/15-16 | 8% = 6993 | 12,675/- (14.5%) | 5,682 |
| വാലേത്ത് ലക്ഷംവീട് കോളനി റോഡ് മെറ്റലിംഗ്, ടാറിംഗ് | 4,06,301<br>2,53,190/26.09.15<br>1,53,111/10.03.2016 (8%) | 59/15-16 | 4% = 9115, പാർട്ട് ബിൽ | 36,713/- (14.5%) | 27,598 |
| | | | | | 78,490 |

കുറവ് അടവായ 78490/- രൂപ ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

## **3-5** <u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വർക്കുകളിൽ നിന്നും നിശ്ചിതനിരക്കിൽ വാറ്റ് ഈടാക്കിയില്ല-സംസ്ഥാന സർക്കാരിന് **48,968/-** രൂപയുടെ</u>

<u>നഷ്ടം.</u>

2003 ലെ വാറ്റ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് നികുതി കോമ്പൗണ്ട് ചെയ്യാത്ത കരാറുകാർ വിവിധ സാധനസാമഗ്രികൾ സപ്ലൈ ചെയ്യുമ്പോൾ അതാതു കാലയളവിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ വാറ്റ് അടയ്ക്കുവാൻ/ ഈടാക്കുവാൻ ബാധ്യസ്ഥരാണ്. ചിങ്ങോലി ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച വിവിധ നടപ്പാത കോൺക്രീറ്റിംഗ് വേലകൾക്കാവശ്യമായ മെറ്റീരിയൽസ് കരാറുകാരിൽനിന്നും ടെണ്ടർ ക്ഷണിച്ച് കരാർ വെച്ചാണ് വാങ്ങിയിട്ടുള്ളത്. വാങ്ങലുമായി ബന്ധപ്പെട്ട ഫയൽ, വർക്ക് ബില്ലുകൾ എന്നിവ പരിശോധിച്ചതിൽ ആവശ്യമായ മെറ്റീരിയൽ വാങ്ങിയിരിക്കുന്നത് സുധീർ. ആർ എന്ന കരാറുകാരനിൽ നിന്നാണെന്ന് കാണുന്നു. ഫയലിൽ സൂക്ഷിച്ചിട്ടുള്ള, ടിയാന്റെ ഫോം നം. 1E യിലുള്ള ടാക്സ് കോമ്പൗണ്ടിംഗ് സർട്ടിഫിക്കേറ്റനുസരിച്ച് ടിയാന് വർക്സ് കോൺട്രാക്ടുകൾക്കുമാത്രമാണ് നികുതി കോമ്പൗണ്ടിംഗ് അനുവദിച്ചിട്ടുള്ളത് (3%). മാത്രമല്ല ഈ സർട്ടിഫിക്കറ്റ് 2013-14 വർഷത്തേക്കുമാത്രം ബാധകമായതുമാണ്. എന്നാൽ ഇതൊന്നും പരിഗണിക്കാതെ കരാറുകാരൻ സപ്ലൈചെയ്ത സാധനസാമഗ്രികൾക്ക് കുറഞ്ഞ നിരക്കിലുള്ള നികുതിയാണ് ഈടാക്കിയിത്. വിശദവിവരം താഴെ ചേർക്കുന്നു.

1. <u>കൊല്ലൻകാവിൽ - വേണുഭവനം നടപ്പാത. (അളവു പുസ്തകം നം.143./15 – 16.)</u>

സപ്ലൈചെയ്ത സാധനസാമഗ്രികൾ :

| | | |
|---|---|---|
| ഗ്രാവൽ - 142.57 എം$^3$ | : | |
| വില (950രൂപ/m$^3$) | : | 1,35,441.50 രൂപ. |
| വാറ്റ് (4%) | : | 5418/- രൂപ |
| 20 mm മെറ്റൽ - 15.10m$^3$. | : | |
| വില (1650രൂപ/m$^3$) | : | 24,915/- രൂപ |
| വാറ്റ് (14.5%) | : | 3613/- രൂപ |
| ക്വാറി സാന്റ് – 23.66 m$^3$. | : | |
| വില (2700രൂപ/m$^3$) | : | 63,882/- രൂപ |
| വാറ്റ് (14.50.%) | : | 9263/- രൂപ |
| 40 mm മെറ്റൽ - 31.89 m$^3$ | : | |
| വില (1450 രൂപ/m$^3$) | : | 44,646/- രൂപ |
| വാറ്റ് (14.50.%) | : | 6474/- രൂപ |
| സിമന്റ് - 225 ബാഗ് | : | |

| | | |
|---|---|---|
| വില | : | 84,378/- രൂപ |
| വാറ്റ് (14.5%) | : | 12,234/- രൂപ |
| ഈടാക്കേണ്ട ആകെ തുക | : | 37,002/- രൂപ (5,418 + 3,613 + 9,263 + 6,474 + 12,234) |
| ഈടാക്കിയ തുക | : | 17,664/- രൂപ |
| ഈടാക്കുവാൻ അവശേഷിക്കുന്ന തുക | : | 19,338/- രൂപ (37,002 - 17,664) |

2.വേണുഭവനം - ശ്രുതിനിലയം റോഡ്. (അളവു പുസ്തകം നം.137./ 15 – 16.)

| | | |
|---|---|---|
| ഗ്രാവൽ : 113.59 $m^3$ @ 950/$m^3$ | :- | 107,910/- രൂപ |
| വാറ്റ് : 4%. | :- | 4,316/- രൂപ |
| 40.mm മെറ്റൽ : 27.70.$m^3$. @ 1400/$m^3$ | :- | 38,780/- രൂപ |
| വാറ്റ് : 14.5% . | :- | 5,623/- രൂപ |
| ക്വാറി സാന്റ് : 20.55.$m^3$ @ 2700/$m^3$ | :- | 55,485/- രൂപ |
| വാറ്റ് : 14.5% | :- | 8,045/- രൂപ |
| 20.mm മെറ്റൽ : 13.12.$m^3$ @ 1650/$m^3$ | :- | 21,648/- രൂപ |
| വാറ്റ് : 14.5% | :- | 3,139/- രൂപ |
| സിമന്റ് : 195 ബാഗ്. | :- | |
| വില | :- | 73,125/- രൂപ |
| വാറ്റ് : 14.5% | :- | 10,603/- രൂപ |
| ഈടാക്കേണ്ട ആകെ തുക | :- | 31,726/-രൂപ<br>(4,316 + 5,623 + 8,045 + 3,139 + 10,603) |
| ഈടാക്കിയ തുക | :- | 17,817/- രൂപ |
| ഈടാക്കുവാൻ അവശേഷിക്കുന്ന തുക. | :- | 13,909/- രൂപ (37,726 - 17,664) |

3.പുത്തൻ വീട് - കളപ്പുരയ്ക്കൽ കിഴക്കതിൽ നടപ്പാത. (അളവുപുസ്തക നം. 149/15-16.)

| | |
|---|---|
| 40.mm മെറ്റൽ 8.85.$m^3$ @ 1400/$m^3$ | 12,390/- രൂപ |
| വാറ്റ് : 14.5% | 1,797/- രൂപ |
| ക്വാറി സാന്റ് : 6.56$m^3$ @ 2700/$m^3$ | 17,712/- രൂപ |
| വാറ്റ് : 14.5% | 2,568/- രൂപ |

| | |
|---|---|
| 20.mm മെറ്റൽ : 4.19 $m^3$ @ 1650/$m^3$ | 6,914/- രൂപ |
| വാറ്റ് : 14.5% | 1,003/- രൂപ |
| സിമന്റ് : 62 ബാഗ് | |
| വില | 23,250/- രൂപ |
| വാറ്റ് : 14.5% | 3,371/- രൂപ |
| ഗ്രാവൽ : 38.21 $m^3$ @950/$m^3$ | 36,290/- രൂപ |
| വാറ്റ് : 4% | 1,452/- രൂപ |
| പൈപ്പ് 2 m 13 എണ്ണം | 20,800/- രൂപ |
| വാറ്റ് : 4%. | 832/- രൂപ |
| കോൺക്രീറ്റ് കോളർ 12 എണ്ണം | 2,040/- രൂപ |
| വാറ്റ് : 4% | 82/- രൂപ |
| ഈടാക്കേണ്ട ആകെ തുക. | 11,105/- രൂപ<br>(1,797 +2,568 + 1,003 +3,371. + 1,452 + 832 + 82) |
| ഈടാക്കിയ തുക | 6,170/- രൂപ |
| ഈടാക്കുവാൻ അവശേഷിക്കുന്ന തുക | 4,935/- രൂപ (11,105. - 6,170) |

4.കളപ്പുരക്കൽ -വായനശാല നടപ്പാത. (അളവുപുസ്തക നം. 132/15-16.)

| | | |
|---|---|---|
| 40.mm മെറ്റൽ : 11.21.$m^3$ @ 1400/$m^3$ | :- | 15,694.രൂ. |
| വാറ്റ് : 14.5% | :- | 2,276.രൂ |
| ക്വറി സാന്റ് : 8.32.$m^3$ @ 2700/$m^3$ | :- | 22,464.രൂ. |
| വാറ്റ് : 14.5% | :- | 3,913.രൂ |
| 20.mm മെറ്റൽ : 5.31.$m^3$ @ 1650/$m^3$ | :- | 8,762.രൂ. |
| വാറ്റ് : 14.5% | :- | 1,270.രൂ |
| സിമന്റ് : 79 ബാഗ്. | :- | |
| വില | :- | 29,625.രൂ. |
| വാറ്റ് : 14.5% | :- | 4,296.രൂ. |
| ഈടാക്കേണ്ട ആകെ തുക | :- | 11755.രൂ.<br>(2276 + 1270+ 3913 + 4296) |
| ഈടാക്കിയ തുക | :- | 4,593.രൂ. |
| ഈടാക്കുവാൻ അവശേഷിക്കുന്ന തുക | :- | 7,162/- രൂ.(11,755 – 4,593) = |

5. കൊച്ചപ്പാമൂട്ടിൽ - മീനത്ത് മാളിയേക്കൽ നടപ്പാത. (അളവുപുസ്തക നം. 136/15-16.)

| | | |
|---|---|---|
| ഗ്രാവൽ : 34.48.$m^3$ @ 950/m3 | :- | 32,756/- രൂപ |
| വാറ്റ് : 4% | :- | 1,310/- രൂപ |
| 40.mm മെറ്റൽ : 7.36.$m^3$. @ 1400/$m^3$ | :- | 10,304/- രൂപ |
| വാറ്റ് : 14.5% | :- | 1,494/- രൂപ |
| ക്വറി സാന്റ് : 5.47.$m^3$. @ 2700/$m^3$ | :- | 14,769/- രൂപ |
| വാറ്റ് : 14.5% | :- | 2,142/- രൂപ |
| 20.mm മെറ്റൽ : 3.49.$m^3$ @ 1650/$m^3$ | :- | 5,758.50/- രൂപ |
| വാറ്റ് : 14.5% | :- | 835/- രൂപ |
| സിമന്റ് : 52 ബാഗ്. | :- | |
| വില | :- | 19,500/- രൂപ |
| വാറ്റ് : 14.5% | :- | 2,828/-രൂപ |
| ഈടാക്കേണ്ട ആകെ തുക. | :- | 8,609/-രൂപ<br>(1,310 + 1,494 + 2,142 + 8,35 +2,828) |
| ഈടാക്കിയ തുക | :- | 4,985/- രൂപ |
| ഈടാക്കുവാൻ അവശേഷിക്കുന്ന തുക | :- | 3,624/- രൂപ (8,609. - 4,985) |

ഈ രീതിയിൽ കുറവായി നികുതി ഈടാക്കിയതിന്റെ ഫലമായി സംസ്ഥാന ഫണ്ടിന് ആകെ 48,968.രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഈ തുക കരാറുകാരനിൽനിന്നും ഈടാക്കി സംസ്ഥാനസർക്കാരിലേക്ക് അടവു വരുത്തേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധന – അപാകതകൾ

1. ആസ്തിരജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്, നം. | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 46500 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 30500 | - |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

– ഇല്ല--.

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല--

4-5. (i) വായ്പ/ വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

– ഇല്ല--

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | 323/10 തസ്വഭവ, 29.01.10 | 5841000 | 1863000 | 1106683 | 115146 | 756327 |

4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999-2000 | 1999-2000 | സാക്ഷരത പദ്ധതി വിഹിതം,<br>വനിതാ റെഡിമെയ്ഡ് യൂണിറ്റ് വക മാറ്റിയത് | |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 2,69,08,624/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,36,23,823/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9,095/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1-1 | | 1582 | ശ്രീമതി. ഷീല. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1-4 | | 227 | |
| 3-3-5 | | 7286 | ശ്രീമതി. ഷീല. എസ് , അസിസ്റ്റന്റ് എഞ്ചിനീയർ & ശ്രീമിതി. ഷൈനി. എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| ആകെ | | 9095 | |

ഓഡിറ്റിൽ തടസ്സപെടുത്തിയ തുക

-ഇല്ല--

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-1-4 – 142861/- (വാറ്റ്) , 13/- – ക്ഷേമനിധി വിഹിതം, 13/- – ആദായ നികുതി

3-4 – 78,490/- (വാറ്റ്)

3-5 – 48,968/- (വാറ്റ്)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ

സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷീല. എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>കൊട്ടാരക്കര ബ്ലോക്ക് | രാജീവം,<br>ഗുരുജി റോഡ്,<br>കുരുവിക്കാട്,<br>വട്ടിയൂർക്കാവ്. പി. ഒ |
| ശ്രീമതി. ഷൈനി. എൽ,<br>അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>മുതുകുളം ബ്ലോക്ക് പഞ്ചായത്ത്. | മംഗലശ്ശേരിൽ,<br>ശങ്കർ നഗർ, കൊല്ലം |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജി.എ5-1862/11, തീയതി - 28.01.12 |
| 1998-99(ചെലവ്) | എൽ.എപ്.ജി.എ5-1862/11, തീയതി. 28.01.12 |
| 2006-07, 2007-08, 2008-09, 2009-10 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.14 |
| 2010-11 | എൽ.എഫ്.എ.പി3-652/12/19.09.12/02.11.12 |
| 2011-12 | എൽ.എഫ്.എ. പി.3-710/14/18.07.2014 |
| 2012-13 | എൽ.എഫ്.എ.പി-11/414/15/03.03.15/07.05.15 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്/പി11-1036/2015, തീയതി – 03.09.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി11-766/2016, തീയതി – 07.07.16 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-പി11-1257/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,

ആലപ്പുഴ, തീയതി. 02.11.2016

ഇ-മെയിൽ - ddhglfalpy@gmail.com
ഫോൺ – 0477 2252753

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ *ചിങ്ങോലി* ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ *ചിങ്ങോലി* ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P11-1257/16

Kerala State Audit Department,

District Audit Office,

Alappuzha, Date: 02.11.2016.

E-mail – ddhglfalpy@gmail.com
Phone – 0477 2252753

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of *Chingoli* Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of *Chingoli* Gramapanchayat for the year 2015-16 except para 4-1 in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha